21102161

**QP CODE: 21102161**

**Reg No** : ....................

**Name** : ....................

## B.A/B.Sc DEGREE (CBCS)EXAMINATION, AUGUST 2021

**Third Semester**

**Common Course - ML3CCT04 - `മലയാളം - ദൃശ്യകലാ സാഹിത്യം**

(Common for all Model I B.A/B.Sc Programmes)

2018 Admission Onwards

7A387E9C

Time: 3 Hours  Max. Marks : 80

**പാർട്ട് എ**

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *2* മാർക്ക് വീതം.

1. "ഉപവനലതകൾക്ക് മാനഭംഗം
   വിപിന ലതോന്നാതി മൂലമുത്ഭവിച്ചു "-- വിശദീകരിക്കുക ?
2. ശകുന്തളയുടെ ഉല്പത്തിയെക്കുറിച്ച് തോഴിമാർ പറയുന്നതെന്ത് ?"
3. കാമദേവനും ചന്ദ്രനും കാമീജനങ്ങളെ ചതിക്കുന്നു എന്ന് ദുഷ്യന്തൻ പറയുന്നതെന്തുകൊണ്ട് ?
4. "അഗ്നിയല്ലാതെ ദഹിപ്പിക്കുമോ "? - ആരെക്കുറിച്ചാണ് പരാമർശിക്കുന്നത് ? എന്താണ് കാര്യം ?
5. "ശ്രീ ഹനുമാൻ മുദാ വാണരുളീ ടുന്ന
   ശ്രീ മഹാപുണ്യപ്രദേശം മനോഹരം " - ഏതു പ്രദേശത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത് ? വിശദമാക്കുക
6. "നാലഞ്ചു ഭർത്താവൊരുത്തിക്കു താനതു
   നാലുജാതിക്കും വിധിച്ചതല്ലോർക്കണം"- വിശദീകരിക്കുക
7. " ശിവ ശിവ എന്തു ചെയ് വൂ ഞാൻ ?
   എന്നെ ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ "- ആരാണ് ഇപ്രകാരം വിലപിക്കുന്നത് - വിശദമാക്കുക.
8. "ബന്ധനം ചെയ്യേണ്ട നീ മാം, ബന്ധുവത്രേ തവ ഞാൻ" . ആര് ?ആരുടെ ?- വിശദമാക്കുക.

9. “ആത്മഗതം നാടകത്തിൽ പാടില്ലെന്നാണ് നിയമം. പക്ഷേ ഇവിടെ ആ നിയമം തെറ്റിക്കാതെ നിവൃത്തിയില്ല”. ആരുടെ വാക്കുകളാണിത്.? വിവക്ഷിതമെന്ത്.?

10. “അയാൾക്ക് മനുഷ്യത്വമെന്നത് മനസ്സിലാവുകയില്ല. അയാളെ നിയമപുസ്തകംകൊണ്ട് ഉണ്ടാക്കിയതാണ് ”- വിശദമാക്കുക.

11. ശരീരത്തെ ആഘോഷിക്കുന്ന സാംസ്കാരിക രാഷ്ട്രീയമാണ് വടക്കൻപാട്ട് സിനിമകളുടേത്- വിശദീകരിക്കുക.

12. മലയാളത്തിലെ ചരിത്രസിനിമകൾ ഏതെല്ലാം? പരിചയപ്പെടുത്തുക.

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. ഭാരതത്തിന്റെ മഹത്തായ കാവ്യപാരമ്പര്യത്തിൽ കാളിദാസന് സമുന്നതമായ സ്ഥാനമാണുള്ളത്- പരിശോധിക്കുക.

14. അനസൂയ, പ്രിയംവദ എന്നീ തോഴിമാർക്ക് ശാകുന്തളത്തിൽ എന്താണ് സ്ഥാനം.?

15. ശകുന്തള തപോവനം വിട്ട് പോവുമ്പോൾ കണ്വമുനി അവൾക്ക് നല്കുന്ന ഉപദേശങ്ങൾ എന്തെല്ലാം.?

16. “പാരം വലഞ്ഞു കിടന്നവർകളോ -
ടാരുമീവണ്ണം കലമ്പുമാറില്ലടോ!” - സന്ദർഭം എഴുതി വിശദീകരിക്കുക.

17. “അവിവേകമിതു കണ്ടാലറിവുള്ളവർ

പരിഹസിക്കും ചിലർ പഴിക്കും

വഴിപിഴക്കും തവനിനയ്ക്കുമ്പോൾ” - ആരുടെ അവിവേകം?. സന്ദർഭമെഴുതി വിശദീകരിക്കുക.

18. ക്രൈം നാടകത്തിലെ കോടതി രംഗത്തെക്കുറിച്ച് കുറിപ്പെഴുതുക

19. ഇന്ത്യൻ സിനിമയ്ക്ക് ഫാൽക്കെ നല്കിയ സംഭാവനകൾ എന്തെല്ലാം.?

20. അൻവറിന്റെ ഉസ്താദ് ഹോട്ടലിൽ രുചിയുടെ രാഷ്ട്രീയമുണ്ട്. - ചർച്ച ചെയ്യുക.

21. മലയാളത്തിലെ സ്വതന്ത്രസിനിമകളെ പരിചയപ്പെടുത്തുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും ***15*** മാർക്ക് വീതം.

22. ശകുന്തളയുടെ ശരീരസൗന്ദര്യം വർണ്ണിക്കുന്നിടത്ത് ആൺനോട്ടമാണ് കാളിദാസന്റേത്- പരിശോധിക്കുക.

23. ഫലിതവും പരിഹാസവും കുഞ്ചൻനമ്പ്യാരുടെ കൃതികളിൽ- കല്യാണസൗഗന്ധികം തുള്ളലിന് മുൻനിർത്തി ഉപന്യസിക്കുക.

24. ഉണ്ണായിവാര്യരുടെ കഥാപാത്രസൃഷ്ടിയിലെ മികവ് നളചരിതത്തിൽ- ഉപന്യസിക്കുക.

25. മലയാളത്തിലെ മികച്ച പരീക്ഷണനാടകമാണ് 1128-ൽ ക്രൈം 27 ഉപന്യസിക്കുക.

(2×15=30)